**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2448** **12-02-2024 - ൽ മറുപടിയ്ക്ക്**

**മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവ മാലിന്യങ്ങളും റോഡരികിലേക്കും തുറസ്സായ സ്ഥലങ്ങളിലേക്കും വലിച്ചെറിയുന്നത് തടയാനും ഒപ്പം ഇവ വലിച്ചെറിയുന്നവർക്കെതിരെയും എന്തൊക്കെ നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (എ) | 2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് വകുപ്പ് 340(3)(1)-ലും, 2023-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (ഭേദഗതി) ഓർഡിനൻസ് വകുപ്പ് 219 എൻ (3)(1)-ലും 5000/- രൂപ വരെ പിഴ ചുമത്തുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അധികാരം നല്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവ മാലിന്യങ്ങളും റോഡരികിലേക്കും തുറസ്സായ സ്ഥലങ്ങളിലേക്കും വലിച്ചെറിയുന്നത് തടയാനായി CCTV ക്യാമറകൾ, നെറ്റ് ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ 2023-24 FY ലും ഉൾപ്പെടുത്തി നിർവ്വഹണം നടന്നു വരുന്നു. രാത്രികാല സ്ക്വാഡുകളുടെ പരിശോധന കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി അത്തരം പ്രവർത്തികൾ റിപ്പോർട്ട് ചെയ്യുന്ന പൊതുജനങ്ങൾക്കു പാരിതോഷികം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം 09.06.2023-ലെ സ.ഉ.(സാധാ)നം.1200/2023/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കേരളത്തെ സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ, ‘മാലിന്യമുക്തം നവകേരളം' ക്യാമ്പയിൻ ആരംഭിച്ച ശേഷം ഹരിതകർമ്മ സേനയുടെ ഡോർ ടു ഡോർ കളക്ഷൻ വർദ്ധിച്ചിട്ടുള്ളതാണ്. കൂടുതൽ MFC കൾ, മിനി MCF കൾ, RRF കൾ എന്നിവ പ്രവർത്തനക്ഷമമാക്കുകയും ക്ലീൻ കേരള കമ്പനി മുഖേനയും മറ്റ് അംഗീകൃത ഏജൻസികൾ മുഖേനയുള്ള ഫോർവേഡ് ലിങ്കേജ് കൂടുതൽ കാര്യക്ഷമമാക്കുവാനും |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടുണ്ട്. ഇതിലൂടെ പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം കുറക്കുവാൻ സാധിക്കുന്നതാണ്.<br><br>ജില്ലാ തലത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുകയും, തദ്ദേശ സ്ഥാപന തലത്തിൽ ഹെൽത്ത് സ്ക്വാഡ്, നൈറ്റ് സ്ക്വാഡ് എന്നിവയും കൃത്യമായ പരിശോധനകൾ നടത്തി കേരളാ പഞ്ചായത്തിരാജ് ആക്റ്റിലെയും, കേരള മുനിസിപ്പാലിറ്റി ആക്റ്റിലെയും വിവിധ സെക്ഷനുകൾ പ്രകാരം പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയൽ, ജലാശയങ്ങളിലേക്ക് മാലിന്യം വലിച്ചെറിയൽ, പ്ലാസ്റ്റിക് മാലിന്യം കത്തിക്കൽ, നിരോധിത പ്ലാസ്റ്റിക്കുകളുടെ വിപണനവും ഉപയോഗവും തുടങ്ങിയ ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ